# Official Spokesperson's response to media queries on press release by Special Rapporteur on minority issues and the Special Rapporteur on freedom of religion or belief

February 18, 2021

---

**ന്യൂനപക്ഷ പ്രശ്നങ്ങളെക്കുറിച്ച് പ്രത്യേക റിപ്പോർട്ടർ, മതസ്വാതന്ത്ര്യത്തെക്കുറിച്ചോ വിശ്വാസസ്വാതന്ത്ര്യക്കുറിച്ചോ ഉള്ള പ്രത്യേക റിപ്പോർട്ടർ എന്നിവരുടെ പത്ര പ്രസ്താവനകളെക്കുറിച്ചുള്ള മാധ്യമ അന്വേഷണങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ പ്രതികരണം**

**ഫെബ്രുവരി** 18, 2021

**ന്യൂനപക്ഷ പ്രശ്നങ്ങളെക്കുറിച്ച് സ്പെഷ്യൽ റിപ്പോർട്ടർ**, മതസ്വാതന്ത്ര്യത്തെക്കുറിച്ചോ വിശ്വാസസ്വാതന്ത്ര്യക്കുറിച്ചോ ഉള്ള പ്രത്യേക റിപ്പോർട്ടർ എന്നിവരുടെ പത്ര പ്രസ്താവനകളെക്കുറിച്ചുള്ള മാധ്യമ അന്വേഷണങ്ങൾക്ക് ഔദ്യോഗിക വക്താവായ ശ്രീ അനുരാഗ് ശ്രീവാസ്തവയുടെ പ്രതികരണം ഇപ്രകാരമായിരുന്നു.:

".ന്യൂനപക്ഷ പ്രശ്നങ്ങളെക്കുറിച്ചും, മതസ്വാതന്ത്ര്യത്തെയും വിശ്വാസസ്വാതന്ത്ര്യത്തെക്കുറിച്ചും പ്രത്യേക റിപ്പോർട്ടർമാർ നൽകിയ ജമ്മുകശ്മീരിലെ പത്രപ്രസ്താവന ഇന്ന് ഞങ്ങൾ കണ്ടു.

ഫെബ്രുവരി 10 ന് ചോദ്യാവലി പങ്കിട്ടതിന് ശേഷം പ്രത്യേക റിപ്പോർട്ടർമാർ ഞങ്ങളുടെ പ്രതികരണത്തിനായി പോലും കാത്തിരുന്നില്ല എന്നത് ഖേദകരമാണ്. പകരം, തങ്ങളുടെ തെറ്റായ അനുമാനങ്ങൾ മാധ്യമങ്ങൾക്ക് വിട്ടുകൊടുക്കാൻ അവർ തീരുമാനിച്ചു. പത്ര പ്രസ്താവന കശ്മീരിലേക്കുള്ള ഒരു കൂട്ടം അംബാസഡർമാരുടെ സന്ദർശനത്തോടനുബന്ധിച്ച് മനഃപൂർവ്വം സമയബന്ധിതമാക്കുകയും ചെയ്തു.

ജമ്മു കശ്മീർ ഇന്ത്യയുടെ അവിഭാജ്യവും അദൃശ്യവുമായ ഭാഗമാണെന്ന വസ്തുതയും ജമ്മു കശ്മീർ സംസ്ഥാനത്തെ കേന്ദ്രഭരണ പ്രദേശമായി മാറ്റുന്നതുമായി ബന്ധപ്പെട്ട് 2019 ഓഗസ്റ്റ് 05 ന് ഇന്ത്യൻ പാർലമെന്റ് എടുത്ത തീരുമാനത്തെയും പത്രക്കുറിപ്പ് അവഗണിക്കുകയാണുണ്ടായത്.

പതിറ്റാണ്ടുകളുടെ വിവേചനം അവസാനിപ്പിക്കുന്നതും ലക്ഷ്യമിട്ടുള്ള നടപടികളും, ജില്ലാ വികസന കൗൺസിലുകളുടെ തദ്ദേശ തെരഞ്ഞെടുപ്പുകൾ വിജയകരമായി നടത്തുക വഴി ജനാധിപത്യത്തെ അടിസ്തന നിലവിൽ നടപ്പിലാക്കുക, തിരികെ ഗ്രാമങ്ങളിലേക്ക് എന്ന പരിപാടിയിലൂടെ നല്ല ഭരണം ഉറപ്പാക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ കണക്കിലെടുക്കാനും പത്രക്കുറിപ്പ് പരാജയപ്പെട്ടിരിക്കുന്നു.

ഇന്ത്യയുടെ മറ്റ് ഭാഗങ്ങൾക്ക് ബാധകമായ നിയമങ്ങൾ ജമ്മു കശ്മീരിലേക്ക് വ്യാപിപ്പിക്കുന്നതിലൂടെ ഉണ്ടാകുന്ന ഗുണപരമായ പ്രത്യാഘാതങ്ങളേയും

പത്രക്കുറിപ്പ് അവഗണിക്കുകയാണുണ്ടായത്, ജമ്മു കശ്മീരിലെ ജനങ്ങൾക്ക് ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽ ലഭ്യമായ അതേ അവകാശങ്ങൾ ആസ്വദിക്കാൻ കഴിയുന്നതാണ്.

ജനസംഖ്യാപരമായ മാറ്റത്തെക്കുറിച്ചുള്ള ആശങ്കകളെ സംബന്ധിച്ചിടത്തോളം, ജമ്മുകശ്മീരിൽ നൽകിയിട്ടുള്ള ഭൂരിഭാഗം കുടികിടപ്പ് സർട്ടിഫിക്കറ്റുകളും പഴയ സ്ഥിര താമസ സർട്ടിഫിക്കറ്റ് (PRC) ഉടമകൾക്കാണ് എന്ന വസ്തുത കാണിക്കുന്നത് ഈ ആശയങ്ങൾ അടിസ്ഥാനരഹിതമാണെന്നാണ്.

പ്രത്യേക റിപ്പോർട്ടർമാർ പാലിക്കണമെന്ന് മനുഷ്യാവകാശ കൗൺസിൽ നിർബന്ധിതമാക്കുന്ന വസ്തുനിഷ്ഠതയുടെയും നിഷ്പക്ഷതയുടെയും വലിയ തത്ത്വങ്ങളെ ചോദ്യം ചെയ്യുന്ന രീതിയിലുള്ളതാണ് ഈ പത്ര പ്രസ്താവന . തിടുക്കത്തിലുള്ള നിഗമനങ്ങളിലേക്ക് കടക്കുന്നതിനും പത്രക്കുറിപ്പുകൾ പുറപ്പെടുവിക്കുന്നതിനും മുൻപായി തങ്ങളുടെ പരിഗണനയിലുള്ള പ്രശ്നങ്ങളെക്കുറിച്ച് സ്പെഷ്യൽ റിപ്പോർട്ടർമാർ നന്നായി മനസ്സിലാക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ന്യൂ ഡൽഹി
**18 ഫെബ്രുവരി, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.